**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1410** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പൂവച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജകമണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പൂവച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂവച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണത്തിനായി 14/01/2026 ലെ സ.ഉ.(സാധാ)നം.35/2026/ സാം.കാ.വ. പ്രകാരം 2025-26 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിൽ നിന്നും ആദ്യ ഗഡുവായി 10,00,000/- രൂപ ( പത്ത് ലക്ഷം രൂപ മാത്രം) പൂവച്ചൽ ഗ്രാമപ ഞ്ചായത്തിന് അനുവദിക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ നിർമ്മാണത്തിനായി രണ്ടാം ഗഡു ആവശ്യപ്പെട്ടുകൊണ്ട് നടപ്പ് വർഷം ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**